'ഭരണഭാഷ- മാതൃഭാഷ'

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഇടുക്കി ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ ക്രമവിരുദ്ധ പ്രവർത്തനങ്ങൾ സംബന്ധിച്ച പരാതി ബഹു.തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാന് റഫർ ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇഎം)വകുപ്പ്**

**സ.ഉ.(സാധാ) നം.1013/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 20/05/2019

---

പരാമർശം:- 1 ശ്രീ.നോബിൾജോസും ജില്ലാ പഞ്ചായത്ത് ഭരണ സമിതി അംഗങ്ങളായ മറ്റ് 5 പേരും ചേർന്ന് 03/05/2017ൽ സമർപ്പിച്ച പരാതി.

2 പഞ്ചായത്ത് ഡയറക്ടറുടെ 21/11/2018ലെ ജെ3-9746/18 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഇടുക്കി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഭരണസമിതി യോഗം വിളിച്ചു ചേർക്കുന്നതിൽ നിയമം പാലിക്കാറില്ലായെന്നും, കൃത്യമായി നോട്ടീസ് നൽകാതെയും അജണ്ട നൽകാതെയും പഞ്ചായത്ത് കമ്മിറ്റി വിളിച്ച് ചേർക്കുന്നു എന്നും പഞ്ചായത്ത് കമ്മിറ്റിയിൽ ക്രമവിരുദ്ധമായി തീരുമാനങ്ങൾ എഴുതി ചേർക്കുന്നുവെന്നും പരാമർശം 1 പ്രകാരം സർക്കാരിൽ പരാതി ലഭിച്ചിരുന്നു. ഇതിന്മേൽ അന്വേഷണം നടത്തിയ പഞ്ചായത്ത് ഡയറക്ടർ ആരോപണം സാധൂകരിക്കുന്നതായി പരാമർശം 2 പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 271 (ജെ) വകുപ്പ് പ്രകാരം, ഈ വിഷയത്തിൽ അനന്തര നടപടികൾക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാന് റഫർ ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**SINDHU. L.**
സ്പെഷ്യല് സെക്രട്ടറി

സെക്രട്ടറി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാൻ,
സാഫല്യം കോംപ്ലക്സ് , പാളയം, തിരുവനന്തപുരം. ( ഫയൽ നം
ഇഎം2/2018/തസ്വഭവ നഫ 17 പേജ് + കു.ഫ 16 പേജ്)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
സെക്രട്ടറി, ഇടുക്കി ജില്ലാ പഞ്ചായത്ത്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ളിക്ക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ